ലേഖനം

എനിക്ക് ആരും ഇല്ല

- ജോർജ് വർഗ്ഗീസ് കരുവാറ്റ

ഈ ദീനരോദനം നാം പലയിടത്തും കേൾക്കാറുണ്ട്. ഒന്ന് സ്നേഹിക്കുവാൻ, കരുതുവാൻ, സഹായിക്കുവാൻ, അല്പം സന്തോഷം പകർന്ന് തരാൻ ആരുമില്ല. ഇങ്ങനെ ആയുഷ്ക്കാലം മുഴുവൻ കഷ്ടപ്പെടുന്ന ലക്ഷോപലക്ഷങ്ങൾ ഇന്ന് നമ്മുടെ മദ്ധ്യത്തിൽ ഉണ്ട്. തക്കസമയത്ത് വേണ്ടത്ര കരുതലും സഹായവും ലഭിക്കായ്കയാൽ എത്രയെത്ര ജീവിതങ്ങൾ നമ്മുടെ മുമ്പിൽ തകർന്നുകൊണ്ടിരിക്കുന്നു. തക്കസമയത്ത് സഹായം ലഭിച്ചിരുന്നുവെങ്കിൽ ശോഭനമായ മാർഗത്തിലേക്ക് ഇവരുടെ ജീവിതം തിരിച്ചുവിടാമായിരുന്നു. ഇതിന് ഭാഗ്യം ലഭിക്കാത്തവരുടെ നിലവിളിയാണ് 'എനിക്ക് ആരും ഇല്ല' എന്നത്. വളരെ സങ്കടകരമായ അവസ്ഥയാണ്, മനസ്സിന്റെ ഉള്ള് വിതുമ്പുകയാണ്. നിസ്സഹായരായ ആളുകളുടെ അനുഭവമാണ്.

ഈ നിലവിളി എല്ലാതലം മേഖലകളിലാണ് നമുക്ക് കാണുവാനും കേൾക്കുവാനും സാധിക്കുന്നത്. ഒന്നാമതായി കിടന്നുറങ്ങുവാൻ കിടപ്പാടവും വിശപ്പടക്കാൻ ഭക്ഷണവും നഗ്നത മറയ്ക്കുവാൻ വസ്ത്രവും രോഗം വന്നാൽ മരുന്ന് വാങ്ങാൻ മാർഗ്ഗവും ഇല്ലാതെ തെരുവുകളിൽ ജീവിക്കുന്ന ആളുകൾ ഉണ്ട്. ഇവരുടെ ഏകജീവിതമാർഗ്ഗം ഭിക്ഷാടനമാണ്. വീടുകളിലും കടകളിലും നടന്ന് ഭിക്ഷ യാചിക്കും. ചിലർ റോഡിൽ കവലകളിൽ നിൽക്കും. സിഗ്നൽ കാത്ത് വണ്ടി, കാറുകൾ, ഓട്ടോ, ബൈക്ക് എന്നിവ നിൽക്കുമ്പോൾ കഴിയുന്നത്ര ആൾക്കാരെ സമീപിച്ച് സഹായം അഭ്യർത്ഥിക്കുന്നു. ജോലി ചെയ്ത് ജീവിക്കുവാനുള്ള ആരോഗ്യം ഇല്ല. ഒരു സഹായം ചെയ്യണേ, എനിക്ക് ആരും ഇല്ല എന്നുള്ള നിലവിളിയാണ് ഇവർക്ക്. ചിലർ ഒറ്റക്കും അംഗവൈകല്യമുള്ളവരെ തോളത്തോ ചുമലിലോ ഏറ്റി സഹായം ആവശ്യപ്പെടുന്നു.

രണ്ടാമതായി ഈ ദീനരോദനം പൊതുജനമദ്ധ്യേ പറയുന്നില്ലെങ്കിലും ഈ വിഷമത അനുഭവിക്കുന്നത്, കിടക്കുവാൻ കഷ്ടിച്ച് ഒരു കുടിൽ ഉണ്ട്. ജീവിതത്തിൽ മറ്റ് വരുമാന മാർഗ്ഗങ്ങൾ ഒന്നുമില്ല. പ്രായമായ മക്കളും മരുമക്കളും രാവിലെ കൂലിപ്പണിക്ക് പോകും. രാത്രിയാകുമ്പോൾ തിരികെ വരും. കൊച്ചുമക്കൾ ഉണ്ടെങ്കിൽ തന്നെ അവരും അവരുടെ മാതാപിതാക്കളെ അനുഗമിക്കും. വൃദ്ധരായ വല്യപ്പനും വല്യമ്മയും വീട്ടിൽ തന്നെത്താനെ കഴിയുന്നു. ഒരു സഹായത്തിന് ആരും ഇല്ല. ഇവരുടെയും ഉള്ളിന്റെ ഉള്ളിൽ നിന്ന് ഉയരുന്നത് 'ഞങ്ങൾക്കാരും ഇല്ല എനിക്ക് ആരും ഇല്ല' എന്നതാണ്.

മൂന്നാമതായി കാണാൻ കഴിയുന്നത് ഇടത്തരക്കാരായ ആളുകളുടെ ഇടയിലാണ്. ജീവിതം കഴിച്ച് കൂട്ടുവാൻ സാമാന്യം ചുറ്റുപാടുള്ള ഒരു വീട് കാണും. അവിടെയും പ്രായമായ മക്കൾ എന്തെങ്കിലും സ്ഥാപനത്തിൽ ജോലി ചെയ്ത് കിട്ടുന്ന വരുമാനമാണ് ജീവിത മാർഗ്ഗം. അവർക്ക് അവരുടെ കുട്ടികളെ വളർത്തണം, പഠിപ്പിക്കണം. കഠിനാദ്ധ്വാനത്തിന്റെ ഫലമായി ജീവിതം മുന്നോട്ട് കൊണ്ട് പോകുന്നു. ഇവർക്കും വൃദ്ധരായ മാതാപിതാക്കളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുവാൻ സമയമില്ല. തന്നെത്താനെ പോയി അല്പം മരുന്ന് വാങ്ങുന്നതിനോ വേദന വരുമ്പോൾ ഒന്ന് തലോടുന്നതിനോ ആരുമില്ല. തികഞ്ഞ ഏകാന്തത. ഇവരുടെയും മനസ്സിലുള്ള ചിന്ത 'ഞങ്ങൾക്കാരുമില്ല. എനിക്ക് ആരും ഇല്ല'.

നാലാമതായി നല്ല സാമ്പത്തിക ഭദ്രതയുള്ള ആളുകളുടെ ജീവിതമാണ്. ഇവിടെയും സ്ഥിതി വിശേഷം മറിച്ചല്ല. മക്കൾ ഒക്കെ പഠിച്ച് നല്ല ജോലി ലഭിച്ച് ദൂരെ ദേശങ്ങളിൽ പോയി താമസിക്കുന്നു. നാട്ടിൽ തനിയെ കഴിയുകയാണ്. സ്നേഹിക്കുവാനോ, കരുതുവാനോ ആരുമില്ല. ടെലിഫോണിലൂടെ വിദേശത്തുള്ളവർക്ക് എന്ത് സ്നേഹവും കരുതലും നൽകാൻ കഴിയും. ഒന്ന് സംസാരിക്കാം എന്ന് മാത്രം. അതുകൊണ്ട് ശരീരവേദനയോ മനോവേദനയോ മാറുമോ. കേരളത്തിന് പുറത്ത് താമസിക്കുന്ന ചില മക്കൾ നാട്ടിൽ വൃദ്ധരായ അപ്പനും അമ്മയും അല്ലെങ്കിൽ അതിലൊരാൾ തനിച്ചാകുമ്പോൾ അവരെ പട്ടണങ്ങളിൽ കൂട്ടിക്കൊണ്ട് വന്ന് കൂടെ താമസിപ്പിക്കാറുണ്ട്. ഇങ്ങനെയുള്ള ചിലരുടെ അനുഭവങ്ങൾ എങ്ങനെയാണെന്ന് നോക്കാം.

നാട്ടിൽ വിശാലമായ പുരയിടങ്ങളിൽ നടന്നും വലിയ സൗകര്യങ്ങൾ ഉള്ള വീട്ടിൽ ചുറ്റിക്കറങ്ങിയും താമസിച്ചിരുന്നവർ മുംബൈ പോലുള്ള നഗരങ്ങളിൽ എത്തി. നാട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്ന പ്രയാസം കൊണ്ടും മക്കളുടെ പ്രേരണകൊണ്ടുമാണ് താമസം മാറ്റിയത്. അത്യാവശ്യത്തിനുള്ള സൗകര്യങ്ങൾ എല്ലാം ഉണ്ടെങ്കിലും ഒരു ഫ്ളാറ്റിനുള്ളിൽ ഒതുങ്ങി കഴിയുന്ന കാരാഗൃഹജീവിതം. പുറത്തിറങ്ങിയാൽ മറ്റുള്ളവരോട് സംസാരിക്കുവാൻ ഭാഷ അറിയാത്തതുകൊണ്ടുള്ള പ്രയാസം. മൂകത, ഏകാന്തത. മകനും മരുമകളും അല്ലെങ്കിൽ മകളും മരുമകനും കൊച്ചുമക്കളും ഒക്കെയുള്ള വീട്ടിലാണ് താമസം. പക്ഷെ ഇവരുടെ ജീവിതം ഒരു മുറിക്കുള്ളിൽ ഒതുങ്ങി കൂടുന്നു. ശ്വാസം മുട്ടലാണ്. ഇതിനും പുറമെയാണ് മുംബൈ നഗരത്തിലെ ജീവിതചര്യയിലുള്ള അനുഭവം. മുംബൈയിലെ ഇലക്ട്രിക് ട്രെയിൻ ഓടുന്നതുപോലെയാണല്ലോ ഇവിടുത്തെ ജീവിതവും. അതി രാവിലെ മകളായാലും മരുമകളായാലും എഴുന്നേറ്റ് അടുക്കളയിൽ പണിയാണ്. രാവിലെ എല്ലാവർക്കും കാപ്പി, പലഹാരം ഉച്ചക്കലത്തേക്ക് ടിഫിൻ. വൃദ്ധരായ മാതാപിതാക്കൾക്കുള്ള ഭക്ഷണം എല്ലാം തയ്യാറാക്കുന്ന തിരക്കിലാണ്. ഇത് ശരിയാകുമ്പോൾ തന്നെ എല്ലാവരും അവരവരുടെ മേഖലകളിലേക്ക് യാത്രയായി. വൃദ്ധരായ അപ്പൂപ്പനും അമ്മൂമ്മയ്ക്കും ഉള്ള ആഹാരം മേശപ്പുറത്ത് വച്ചേക്കും. സമയം എടുത്ത് കഴിക്കണം. വൃദ്ധരായ മാതാപിതാക്കൾ ഒറ്റക്ക്. വൈകിട്ട് എല്ലാവരും വരുന്നത് നോക്കി കാത്തിരിക്കും. ഓരോരുത്തരായി വൈകിട്ട് എത്തിയാലോ സ്ത്രീകൾ അടുക്കളയിലും പുരുഷന്മാർ പല കാര്യങ്ങൾക്കായി സൊസൈറ്റിയുടെ, കടയിൽ സാധനങ്ങൾ വാങ്ങാൻ, പൊതുപരിപാടികൾ ഇങ്ങനെ. കുഞ്ഞുങ്ങൾ അവരുടെ ഹോംവർക്ക്, മൊബൈൽ, ഇന്റർനെറ്റ് അങ്ങനെ എല്ലാവരും അവരവരുടേതായ കാര്യങ്ങളിൽ തിരക്കാണ്. വൃദ്ധരായ മാതാപിതാക്കളുടെ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ ഇഷ്ടമോ, താൽപര്യമോ ഇല്ലാഞ്ഞിട്ടല്ല. സമയമില്ല എന്നതാണ് കാരണം. ജീവിതം മുന്നോട്ടോടുന്ന ഒരു വണ്ടിയാണ്, അത് ഓടണം. നിന്ന് പോയാൽ കുഴപ്പമല്ലേ. അതുകൊണ്ട് ആർക്കും ഇക്കൂട്ടരുടെ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ സമയം ഇല്ല. ഇവിടെയും പണമുണ്ട്, സൗകര്യങ്ങൾ ഉണ്ട്. പക്ഷെ സ്നേഹം പകരാനും കരുതാനും ആരുമില്ല. അവരുടെയും വേദന 'ഞങ്ങൾക്ക് ആരുമില്ല. അല്ലെങ്കിൽ എനിക്കാരും ഇല്ല' എന്നുള്ളതുതന്നെ. വൃദ്ധരായവരിൽ ഒരാൾ കടന്ന് പോയി. ഭർത്താവോ ഭാര്യയോ ഒറ്റയ്ക്കാകുമ്പോൾ വേദന പതിന്മടങ്ങായി വർദ്ധിക്കുന്നു. ഏകനായി, ഏകയായി കഴിയുന്ന ജീവിതം 'എനിക്കാരും ഇല്ല' എന്നുള്ള തേങ്ങൽ വർദ്ധിക്കുകയാണ്.

മക്കളും മരുമക്കളും കൊച്ചുമക്കളും ഒക്കെ ഉണ്ടെങ്കിലും ആവശ്യമായ സ്നേഹവും കരുതലും സംരക്ഷണവും ലഭിക്കായ്കയാൽ പലരും വൃദ്ധസദനങ്ങളെ തേടി പോകുവാൻ നിർബന്ധിതരാകുന്നു. കാരണം അവിടെ തങ്ങളെപ്പോലുള്ള ചിലരൊക്കെ കാണും. അവരുമായെങ്കിലും കുറച്ചു സമയം സംസാരിച്ചിരിക്കുവാനും സമയം ചിലവഴിക്കാനും സാധിക്കുമല്ലോ എന്നുള്ള ചിന്തയാണ്. വീട്ടിൽ ഇരുന്ന് മുഷിയുമ്പോൾ അല്പം ഒന്നു നടക്കാനിറങ്ങാം എന്ന് ചിന്തിച്ച് പുറത്തോട്ട് ഇറങ്ങുന്നവരുണ്ട്. ഹൃദയത്തിനസുഖമുള്ളവർ കൈയ്യിൽ 'സോർബിട്രേറ്റ്' ഗുളിക കരുതിയിരിക്കും. അസ്വസ്ഥത തോന്നുമ്പോൾ ഒരു ഗുളിക നാക്കിനടിയിൽ വച്ച് വഴിയോരത്ത് എവിടെയെങ്കിലും ഇരിക്കും. അപ്പോഴും മനസ്സിൽ വരുന്ന ഏക ചിന്ത 'എനിക്കാരും ഇല്ല' എന്നതാണ്. ഇങ്ങനെ വിവിധ മേഖലകളിലുള്ള പ്രായമുള്ളവരുടെ ജീവിതം പരിശോധിക്കുകയാണെങ്കിൽ ഈ നിസ്സഹായതയുടെ വേദനയുള്ള ശബ്ദം നമുക്ക് കേൾക്കാൻ കഴിയും. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും അണുകുടുംബത്തിലേക്കുള്ള വ്യതിയാനം ഇതിന്റെ ഒരു പ്രധാന കാരണമാണ്. ആരുമില്ല എന്നുള്ള വൃദ്ധ മാതാപിതാക്കളുടെ ഈ സങ്കടം ആധുനിക ലോകത്തിന് അഭിമാനകരമാണോ?

ഒരിക്കൽ നമ്മെ നെഞ്ചിലേറ്റി വളർത്തിയവരാണ് ഇന്ന് തളർന്ന് പോയിരിക്കുന്നതെന്ന് ചിന്തിക്കുന്നവർ വളരെ കുറവാണ്. കുടുംബത്തിൽ ഒരു മൂലക്ക് മാലിന്യം തള്ളുന്നതുപോലെ വയോധികരെ പുരയ്ക്കകത്ത് ഒരു മുറിയിൽ ഒതുക്കുന്ന രീതിയിൽ പലയിടത്തും ഉണ്ട് എന്നുള്ളത് വേദനാജനകമാണ്. മറ്റുള്ളവർക്ക് ഒരു അധികപറ്റായി തോന്നുന്ന മനോഭാവം 'ചാകത്തും ഇല്ല കട്ടിൽ ഒഴിയത്തുമില്ല' എന്ന് പുറത്ത് പറഞ്ഞില്ലെങ്കിലും ഉള്ളിൽ ഉണ്ടാകുന്ന വിചാരം എത്രയോ ദാരുണമാണ്. സ്വന്തം മക്കൾക്ക് തോന്നിയില്ലെങ്കിലും മറ്റുള്ളവർക്ക് ഇങ്ങനെ തോന്നിക്കൂടെന്നില്ല.

മക്കൾ പ്രായമായി അവരവരുടേതായ കാര്യങ്ങൾ ആകുമ്പോൾ അവർ മാതാപിതാക്കളെ സമീപിച്ച് സ്വത്ത് വീതം വച്ച് വാങ്ങി പോയശേഷം മാതാപിതാക്കളെ വേണ്ടതുപോലെ കരുതാത്ത, നോക്കാത്ത എത്ര പേർ ഉണ്ട്. കൂടുതൽ മക്കളും ചിന്തിക്കുന്നത് ഞാൻ മാത്രം എന്തിന് നോക്കണം, മറ്റ് സഹോദരങ്ങൾക്കും ഉത്തരവാദിത്തം ഇല്ലേ എന്നാണ്. ഈ അവഗണന അനുഭവിക്കുന്നത് വൃദ്ധരായ മാതാപിതാക്കൾ ആണ്.

മനുഷ്യായുസ്സിനെപ്പറ്റി ഒരു കഥ ഉണ്ട്. കഥ ആണെങ്കിൽ തന്നെ ചില യാഥാർത്ഥ്യങ്ങൾ അതിലുണ്ട്. ചില സത്യങ്ങളിലേക്ക് അത് വിരൽ ചൂണ്ടുന്നു. നാനാജാതി മതസ്ഥരും വിശ്വസിക്കുന്ന ഒരു സത്യമാണ്. ഈ ലോകവും അതിലെ സർവ്വ സൃഷ്ടാക്കളും ഉണ്ടാക്കിയത് ഈശ്വരനാണ് എന്ന്. സകല ജീവജാലങ്ങൾക്കും സൃഷ്ടികൾക്കും എല്ലാം മകുടമായി ഈശ്വരൻ മനുഷ്യനെ സൃഷ്ടിച്ചു. ഏറ്റവും ഒടുവിലാണ് മനുഷ്യനെ സൃഷ്ടിച്ചത്. ഈശ്വരന്റെ പക്കലുള്ള ആയുസ്സ് ഓരോരുത്തർക്കും വീതിച്ച് കൊടുത്തു. ഏറ്റവും ഒടുവിൽ സൃഷ്ടിച്ച മനുഷ്യന് മറ്റു ജീവികളെ അപേക്ഷിച്ച് ആയുസ്സ് കുറവായിരുന്നു. എന്നാൽ ബുദ്ധിയും ചിന്താശക്തിയും സ്വാതന്ത്ര്യവും കഴിവുകളും കൂടുതലായി കൊടുത്തു. കുറച്ചു കാലം കഴിഞ്ഞപ്പോൾ മൃഗങ്ങളും മറ്റു ജീവജാലങ്ങളും ഒന്നിച്ചുകൂടി ഒരു കാര്യം ചർച്ച ചെയ്തു. നമ്മളെ ഓരോരുത്തരെയും പരിപാലിക്കുവാൻ കഴിവുള്ള മനുഷ്യർക്ക് ആയുസ്സ് വളരെ കുറവാണ്. കുറച്ചു കൂടി കൂട്ടികൊടുക്കുവാൻ നമുക്ക് ഈശ്വരനോട് അപേക്ഷിക്കാം. എല്ലാവരും ഇക്കാര്യം സമ്മതിച്ചു. എല്ലാവരുടേയും പ്രതിനിധികൾ ഒരിക്കൽ ഈശ്വരനെ കണ്ട് കാര്യം പറഞ്ഞു. ഈശ്വരൻ പറഞ്ഞു. എനിക്ക് വിരോധം ഇല്ല പക്ഷെ ഒരു പ്രശ്നം ഉണ്ട്. എന്റെ പക്കലുള്ള ആയുസ്സ് തീർന്നുപോയി. ഒരു പോംവഴിയേ ഉള്ളൂ. നിങ്ങൾ ആരെങ്കിലും നിങ്ങൾക്ക് കിട്ടിയ ആയുസ്സ് കുറെ മടക്കിതന്നാൽ അത് ഞാൻ മനുഷ്യർക്ക് കൊടുക്കാം. അത് അവർ സമ്മതിച്ചു. കൂടിയാലോചനകൾക്ക് ശേഷം കുരങ്ങൻ പറഞ്ഞു എന്റെ ആയുസ്സിൽ നിന്നും 15 വർഷം ഞാൻ ദാനം ചെയ്യാം. ഇത് കേട്ടപ്പോൾ കുതിര പറഞ്ഞു ഞാനും എന്റെ ആയുസ്സിൽനിന്നും 15 വർഷം തരാം. അതിന് പുറകെ കഴുത പറഞ്ഞു എന്റെ ജീവിതം കഷ്ടപ്പാടാണ്. ചുമടെടുത്ത് കഷ്ടപ്പെടുകയാണ് ആരും എന്നെ അംഗീകരിക്കുന്നില്ല എന്റെ ആയുസ്സിൽ നിന്നും 30 വർഷം ഞാൻ തരാം. അതിന് ശേഷം മൂങ്ങ പറഞ്ഞു എന്റെ ആയുസ്സിൽ നിന്നും 10 വർഷം ഞാൻ തരാം. അതിന് ശേഷം പാമ്പ് പറഞ്ഞു ഞാൻ നെഞ്ചുകൊണ്ട് ഇഴഞ്ഞ് നടക്കുകയാണ് എന്റെ 10 വർഷം ഞാനും തരാം. അങ്ങനെ 80 വർഷമായപ്പോൾ ഈശ്വരൻ പറഞ്ഞു ഇനി ആരും തരണ്ട ഞാൻ കുറച്ച് ആയുസ്സ് മനുഷ്യന് കൊടുത്തിട്ടുണ്ടല്ലോ അതു മതി എന്ന് പറഞ്ഞു. അങ്ങനെ ഓരോരുത്തർ ദാനം ചെയ്ത ആയുസ്സ് അത് ക്രമത്തിൽ ഈശ്വരൻ മനുഷ്യന് കൊടുത്തു. ആദ്യം ലഭിച്ച 15 വർഷം കുരങ്ങിന്റേതാണ്. അതുകൊണ്ട് ആദ്യ 15 വർഷം കുരങ്ങന്റെ ചാപല്യങ്ങളുടേതാണ്. അത് കഴിഞ്ഞുള്ള 15 വർഷം കുതിരയിൽ നിന്നും ലഭിച്ചതാണല്ലോ. കുതിരയുടെ ഊർജ്ജസ്വലത ഈ കാലഘട്ടത്തിൽ മനുഷ്യന് ഉണ്ട്. തല ഉയർത്തി ആരെയും കൂസാതെ നിൽക്കുന്ന രീതി. യൗവന കാലം കഴിഞ്ഞതോടെ 30 വർഷം പൂർത്തിയാക്കും. പിന്നെ ലഭിച്ചത് കഴുതയുടെ 30 വർഷമാണ്. വിവാഹം ഒക്കെ കഴിഞ്ഞ് ഭാര്യയോടും മക്കളോടും ബന്ധുജനങ്ങളോടുമുള്ള കടപ്പാടിന്റെ കാലം. കഴുതയെപ്പോലെ കഷ്ടപ്പെടുകയാണ്. കുടുംബം പുലർത്തണം. കുഞ്ഞുങ്ങളെ വളർത്തണം, പഠിപ്പിക്കണം, വീട് വെയ്ക്കണം, എടുത്ത് ചാട്ടങ്ങൾ ഒന്നുമില്ലാതെ ജീവിതഭാരം മുഴുവൻ ചുമക്കുന്നു. അങ്ങനെ 60-ാം വയസ്സിൽ എത്തുന്നു. ജോലികളിൽ നിന്ന് വിരമിച്ച് വീട്ടിൽ ഒതുങ്ങി കഴിയുന്നു. പിന്നെ കിട്ടിയ 10 വർഷം മൂങ്ങയുടേതാണ്. ആ സമയമാകുമ്പോഴേക്കും മക്കളും മരുമക്കളും കുടുംബഭാരം ഏറ്റെടുക്കുന്നു. അവരാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. മരുമക്കളോ മക്കളോ ഷോപ്പിങ്ങിന് പോകുമ്പോൾ വീട്ടിൽ ചെയ്യേണ്ട കാര്യങ്ങൾ പറയും. അലക്കുകാരൻ വരുമ്പോൾ തുണി കെട്ടി വെച്ചിട്ടുണ്ട്, അത് കൊടുക്കണം. കുഞ്ഞുങ്ങൾ വരുമ്പോൾ കഴിക്കാനുള്ളത് അവിടെ ഉണ്ട്. അത് കഴിക്കാൻ പറയണം, തുടങ്ങിയ കാര്യങ്ങൾ. അത് കേട്ടിട്ട് മൂങ്ങയെപ്പോലെ ഊം... എന്ന് മൂളിക്കൊണ്ടിരിക്കണം. ഒന്നും തിരിച്ച് പറയാനില്ല. ആ പത്ത് വർഷം അങ്ങനെ പോകും. 70 കഴിഞ്ഞാൽ കിട്ടിയത് 10 വർഷം പാമ്പിന്റേതാണ്. ഇഴഞ്ഞ് നീങ്ങുകയും മാളത്തിൽ ഒതുങ്ങി കഴിയുകയും ചെയ്യുന്ന രീതി. കിടക്കുന്ന കട്ടിലിൽ ശരണം. അല്ലാതെ എന്ത് ചെയ്യാനാണ് ഇങ്ങനെയാണ് മനുഷ്യായുസ്സിന്റെ ഓരോ ഘട്ടങ്ങളും നീങ്ങുന്നത്. ഒടുവിൽ വാർദ്ധക്യത്തിലെത്തുമ്പോൾ കിടക്ക മാത്രം ശരണം.

ജനിച്ചാൽ സുനിശ്ചിതമായിട്ടുള്ളത് ഒരു കാര്യം മാത്രമാണ് മരണം. ജനിച്ചവരെല്ലാം മരിക്കും. മറ്റെല്ലാ കാര്യങ്ങളും അവരവരുടെ വിധിപോലെ സംഭവിക്കും. ഒരു ആയുസ്സ് മുഴുവൻ ജീവിക്കുവാൻ അവസരം ലഭിക്കുന്ന എല്ലാവരും ഈ കടമ്പകൾ എല്ലാം കടക്കണം. വാർദ്ധക്യം ഏവർക്കും ഉള്ള ഒരു അനുഭവമാണ്. ഈ സത്യം ഇന്നത്തെ യുവതലമുറ ഓർത്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഓരോ വ്യക്തിയും ഉത്തരവാദിത്തത്തോടെ ചിന്തിക്കുകയും പെരുമാറുകയും വേണം. വ്യക്തികൾ നന്നാകുമ്പോൾ കുടുംബം നന്നാകും. കുടുംബങ്ങൾ നന്നാകുമ്പോൾ സമൂഹം നന്നാകും. സമൂഹങ്ങൾ നന്നാകുമ്പോൾ നാട് നന്നാകും. ഒരു പരിധിവരെ സമൂഹങ്ങൾക്കും സംഘടനകൾക്കും സമാജങ്ങൾക്കും ഇങ്ങനെ വാർദ്ധക്യത്തിലെത്തി ആരുമില്ലാതെ സങ്കടപ്പെടുന്നവർക്ക് എന്തെങ്കിലും വിധത്തിൽ അല്പം ആശ്വാസവും സ്നേഹവും കരുതലും ചെയ്യുവാനും യുവതലമുറയെ ബോധവൽക്കരിക്കാനും സാധിക്കും എന്ന് കരുതുന്നു.